# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## തൊഴിലുറപ്പു പദ്ധതിയെക്കുറിച്ചുള്ള സി.എ.ജി. റിപ്പോർട്ട്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2967

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പു പദ്ധതിയെക്കുറിച്ചുള്ള സി. എ.ജി. റിപ്പോർട്ടിൽ കേരളത്തിലെ പദ്ധതി നിർവ്വഹണത്തെക്കുറിച്ച് എന്തെങ്കിലും പരാമർശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ; | (എ) | ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചുള്ള സി.എ.ജി റിപ്പോർട്ടിൽ കേരളത്തിലെ പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള പ്രധാന പരാമർശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പരാമർശങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (ബി) | ഉണ്ട്. സി.എ.ജി റിപ്പോർട്ടിലെ പരാമർശങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>• സമയബന്ധിതമായ വേതന വിതരണം നടത്തുന്നതിന് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇ.എഫ്.എം.എസ്) ഈ വർഷം ജൂലൈ പതിനഞ്ചോടുകൂടി സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>• പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ജില്ലാ - സംസ്ഥാന തല ക്വാളിറ്റി മോണിറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>സി.എ.ജിയുടെ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം കൂടുതൽ കാര്യക്ഷമവും പ്രയോജനപ്രദവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ശ്രീ.എം.മുരളി എക്സ് എം.എൽ എ അദ്ധ്യക്ഷനായി ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

**പ്രധാന പരാമർശങ്ങൾ**

1. സംസ്ഥാനത്ത് തൊഴിലുറപ്പ് നിയമം രൂപീകരിക്കുന്നതിന് കാലതാമസം നേരിട്ടു.
2. ഗ്രാമ റോസ്ഗാർ സഹായകി (GRS) നെ നിയമിച്ചിട്ടില്ല.
3. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, പാലക്കാട് ജില്ലകളിൽ ഭരണചെലവിന് അനുവദനീയമായതിനേക്കാൾ കൂടുതൽ ചെലവാക്കി
4. തൊഴിലില്ലായ്മാ വേതനം നൽകിയിട്ടില്ല
5. ഇ.എം.എസ്, ഐ.എ.വൈ ഭവന പദ്ധതികളിൽ നിർമ്മിക്കുന്ന വീടുകളുടെ ഫൗണ്ടേഷൻ, തീരപ്രദേശങ്ങളിലെ മണ്ണിടിച്ചിൽ തടയൽ, റബ്ബർ പ്ലാന്റേഷൻ എന്നീ പ്രവൃത്തികൾക്ക് 97 ലക്ഷം രൂപ ചെലവാക്കി (2 ബ്ലോക്കുകളിൽ)
6. 5 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകരുടെ പറമ്പിൽ പ്രവൃത്തികൾ ഏറ്റെടുത്തു.
7. പ്രവൃത്തികൾ പൂർത്തിയാക്കാതെ പകുതിക്ക് ഉപേക്ഷിച്ചു (4 ലക്ഷം രൂപ ചെലവഴിച്ചു)
8. 0.37 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കോണ്ടൂർ ബണ്ടുകൾ ഇപ്പോൾ നിലവിലില്ല.
9. 2483.90 കോടി രൂപയുടെ പ്രവൃത്തികൾ സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം മെറ്റീരിയൽ കംമ്പോണന്റ് ഉപയോഗിക്കാതെ ഏറ്റെടുത്തു.
10. ചില പ്രവൃത്തികളുടെ ഫോട്ടോഗ്രാഫ് എടുത്ത് സൂക്ഷിച്ചിട്ടില്ല.
11. സംസ്ഥാന/ജില്ല/ബ്ലോക്ക് തലങ്ങളിൽ പരിശോധന നടത്തുന്നതിന് വീഴ്ച വന്നിട്ടുണ്ട്.
12. വേതനം തെറ്റായി കണക്കാക്കി നൽകിയിട്ടുണ്ട്.